3

# Standard X-SS1-Chapter 4

# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

## ഒന്നാം സ്വാതന്ത്ര്യസമരം-1857



# ഒന്നാം സ്വാതന്ത്ര്യസമരം-1857

1857 മെയ് 11, പുലർകാലം.

വലിയൊരാരവം കേട്ടാണ് ഡൽഹിയിലെ ജനങ്ങൾ ഉണർന്നത്. മീററ്റിൽ നിന്നു യമുനാനദി കടന്ന് ആയുധങ്ങളുമായി ആയിരക്കണക്കിന് കലാപകാരികൾ ഡൽഹിയിലെത്തുകയാണ്. അവരിൽ ശിപായിമാർ എന്നറിയപ്പെടുന്ന ഇന്ത്യക്കാരായ പട്ടാളക്കാരും സാധാരണക്കാരും ഉണ്ടായിരുന്നു. തലേന്ന് രാത്രി മീററ്റിൽ അവർ ബ്രിട്ടീഷ് ഉദ്യോഗസ്ഥരെ വധിക്കുകയും ബ്രിട്ടീഷ് സ്ഥാപനങ്ങൾക്ക് തീയിടുകയും ചെയ്തു.

ഡൽഹിയിലെത്തിയ കലാപകാരികൾ മുഗൾ ചക്രവർത്തി ബഹദൂർഷാ രണ്ടാമനെ ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. അധികം താമസിയാതെ കലാപം ഉത്തരേന്ത്യയിലെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിച്ചു.

**1857ൽ മീററ്റിലെ ശിപായിമാരാണ് കലാപത്തിന് തുടക്കം കുറിച്ചത്. അതുകൊണ്ട് ഒന്നാം സ്വാതന്ത്ര്യസമരത്തെ ബ്രിട്ടീഷുകാർ ശിപായിലഹള എന്നാണ് വിളിക്കുന്നത്.**

# ശിപായി ലഹളയുടെ കാരണങ്ങൾ

- തുച്ഛമായ ശമ്പളവും ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരിൽ നിന്നും നേരിട്ട അവഹേളനവുമായിരുന്നു സൈനികരുടെ അസംതൃപ്തിക്ക് കാരണം.
- സൈനികർക്ക് പുതിയതായി നൽകിയ എൻഫീൽഡ് തോക്കുകളിൽ ഉപയോഗിക്കുന്ന തിരകളിൽ പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് ഉപയോഗിച്ചിട്ടുണ്ടെന്ന പ്രചാരണം അവരെ പ്രകോപിപ്പിച്ചു.
- ഇത് ഹിന്ദുക്കളും മുസ്ലിങ്ങളുമായ സൈനികരുടെ മതവികാരത്തെ വ്രണപ്പെടുത്തുന്നതായിരുന്നു.
- ഇത്തരം തിരകൾ ഉപയോഗിക്കാൻ തയ്യാറാവാതിരുന്ന ശിപായിമാരെ ബ്രിട്ടീഷ് മേധാവികൾ ശിക്ഷിച്ചു.
- പുതിയ തിരകൾ ഉപയോഗിക്കാൻ നിർബന്ധിച്ച ബ്രിട്ടീഷ് ഉദ്യോഗസ്ഥനുനേരെ മംഗൾപാണ്ഡെ വെടിയുതിർത്തു.
- മംഗൾപാണ്ഡെയെ വിചാരണ ചെയ്ത് തൂക്കിക്കൊന്നു.


## നാട്ടു രാജാക്കൻമാരെ കലാപത്തിനുപ്രേരിപ്പിച്ച ഘടകമെന്ത്


ബ്രിട്ടീഷ് ഭരണം രാജാക്കൻമാരെ പ്രതികൂലമായി ബാധിച്ചു.
ദത്തവകാശ നിരോധന നിയമപ്രകാരം ഒരുരാജ്യത്ത് ഭരണാധികാരി
ഇല്ലാതെ വന്നാൽ ആ രാജ്യം ബ്രിട്ടീഷ് കാർ പിടിച്ചെടുക്കുന്നു.
കൂടാതെ ദുർഭരണക്കുറ്റം ചുമത്തിയും നാട്ടുരാജ്യങ്ങൾ പിടിച്ചെടുത്തു.

# 1857ലെ കലാപത്തിന്റെ പ്രത്യേകതകൾ

- രാജാക്കൻമാരും ശിപായിമാരും കർഷകരും സാധാരണക്കാരും കലാപത്തിൽ പങ്കെടുത്തു.
- ബ്രിട്ടീഷുകാരേയും കൊള്ളപ്പലിശക്കാരേയും ആക്രമിച്ച് പണമിടപാടുരേഖകളും കണക്കുപുസ്തകങ്ങളും സമരക്കാർ തീയിട്ടു.
- അവധ് എന്ന രാജ്യത്ത് ഒന്നര ലക്ഷത്തോളം സാധാരണക്കാർ കലാപത്തിൽ കൊല്ലപ്പെട്ടു.
- ഹിന്ദു മുസ്ലിം ഐക്യമുണ്ടായിരുന്നു.
- ഡെൽഹി പിടിച്ചെടുത്ത കലാപകാരികൾ ബഹദൂർഷാ രണ്ടാമനെ ചക്രവർത്തിയായി പ്രഖ്യാപിച്ചു.
- ബ്രിട്ടീഷുകാരുടെ ശക്തമായ സൈനിക ബലത്തിനുമുന്നിൽ കലാപകാരികൾക്കു പിടിച്ചു നിൽക്കാൻ നഴിഞ്ഞില്ല.









റാണിലക്ഷ്മിഭായി



നാനാ സാഹെബ്



# 1857ലെ കലാപം ഉണ്ടാക്കിയ മാറ്റമെന്തായിരുന്നു.


- ഇന്ത്യയുടെ ഭരണം ഇംഗ്ലീഷ് ഈസ്ററിന്ത്യാ കമ്പനിയിൽ നിന്നും ബ്രിട്ടീഷ് പാർലമെന്റ് ഏറ്റെടുത്തു.
- സാമ്പത്തിക ചൂഷണം രൂക്ഷമായി.
- പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലുണ്ടായ ഇരുപത്തിനാല് വൻ ക്ഷാമങ്ങളിൽ രണ്ടുകോടിയോളം പേർ മരിച്ചു.



ബംഗാൾ ക്ഷാമത്തിൽ
ദുരിതമനുഭവിച്ചവരുടെ ചിത്രം

# ചൂഷണം തിരിച്ചറിയുന്നു

- ബ്രിട്ടീഷുകാർ നടത്തിയ സാമ്പത്തിക ചൂഷണം ഇന്ത്യയിലെ വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ കടുത്ത ബ്രിട്ടീഷ് വിരുദ്ധ മനോഭാവം ഉണ്ടാക്കി.
- ഇത് ദേശീയതയുടെ രൂപീകരണത്തിലേക്ക് നയിച്ചു.
- ജാതി മത വർഗ പ്രാദേശിക വ്യത്യാസങ്ങൾക്ക് അതീതമായി ഒരുരാജ്യത്തെ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഐക്യബോധമാണ് ദേശീയത.
- ദേശീയതയുടെ സംഘടിത രൂപമായി ഉയർന്നു വന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് 1885 ൽ ബോംബെയിൽ രൂപീകൃതമായി.




# ചോർച്ചാസിദ്ധാന്തം

## ദാദാഭായ് നവറോജി


ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും കാരണങ്ങളെക്കുറിച്ച് ചോർച്ചാസിദ്ധാന്തം എന്നറിയപ്പെടുന്ന തന്റെ നിഗമനങ്ങളെക്കുറിച്ച് ദാദാഭായ് നവറോജി **പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ** ( Poverty and UnBritish Rule in India )എന്ന പുസ്തകത്തിൽ പറയുന്നു.

# ചോർച്ചാസിദ്ധാന്തം ചർച്ച ചെയ്യുന്നു

## ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ചോർന്നത് എങ്ങനെ ?

- ഇന്ത്യയിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി.
- ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളവും പെൻഷനും.
- ഇന്ത്യയിൽ ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതു വഴി അവർക്കുലഭിക്കുന്ന ലാഭം.
- ഇന്ത്യയിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി.

ബ്രിട്ടീഷ് സാമ്പത്തിക നയങ്ങൾ
ഇന്ത്യയെ ദരിദ്രമാക്കുന്നു



രമേഷ്ചന്ദ്ര ദത്ത്



ഗോപാലകൃഷ്ണ ഗോഖലെ

# സ്വദേശി പ്രസ്ഥാനം

- **1905 ൽ ബംഗാൾ വിഭജനത്തിനെതിരെയാണ് സ്വദേശിപ്രസ്ഥാനം ആരംഭിച്ചത്.**
- **ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കുക സ്വദേശി ഉൽപ്പന്നങ്ങൾഉപയോഗിക്കുക എന്നതായിരുന്നു മുദ്രാവാക്യം.**
- **സമരത്തിന്റെ ഭാഗമായി വിദേശവസ്തുക്കൾ ശേഖരിച്ച് പരസ്യമായി കത്തിച്ചു.**






**ദേശീയപ്രസ്ഥാനത്തിന്റെ നഴ്സറി**

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കളിൽ ഭൂരിഭാഗം പേരും ബംഗാളികളായിരുന്നു. അതിനാൽ ബംഗാളിനെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ നഴ്സറി എന്ന് വിശേഷിപ്പിച്ചിരുന്നു. തുടർന്ന് ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ ദുർബലപ്പെടുത്താനായി 1905 ൽ കഴ്സൺ പ്രഭു ബംഗാളിനെ വിഭജിച്ചു.

# സ്വദേശി പ്രസ്ഥാനം

## ഇന്ത്യൻ വ്യവസായ രംഗത്ത് ഉണ്ടാക്കിയ മാറ്റങ്ങൾ

- സ്വദേശി വസ്തുക്കളുടെ ഉപയോഗം ഇന്ത്യൻ വ്യവസായങ്ങൾക്ക് പുതുജീവൻ നൽകി.
- നിരവധി തുണിമില്ലുകൾ, സോപ്പ് ഫാക്ടറികൾ , തീപ്പെട്ടിക്കമ്പനികൾ ,ദേശീയ ബാങ്കുകൾ ,ഇൻഷുറൻസ് കമ്പനികൾ എന്നിവ ആരംഭിച്ചു.
- ബംഗാളി കെമിക്കൽ സ്റ്റോർ , ടാറ്റ ഇരുമ്പുരുക്കു കമ്പനി- മഹാരാഷ്ട്ര , സ്വദേശി സ്റ്റീം നാഷണൽ കമ്പനി - തമിഴ്നാട് എന്നിവയ്ക്ക് തുടക്കമിട്ടു.

**കപ്പലോട്ടിയ തമിഴൻ**

തമിഴ്നാട്ടിൽ സ്വദേശിപ്രക്ഷോഭത്തിന് നേതൃത്വം കൊടുത്ത വി.ഒ. ചിദംബരംപിള്ള തൂത്തുക്കുടി ആസ്ഥാനമാക്കി 1906 ൽ സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനി ആരംഭിച്ചു. അതിനാൽ അദ്ദേഹത്തെ കപ്പലോട്ടിയ തമിഴൻ എന്നു വിളിക്കുന്നു. പ്രാദേശിക കച്ചവടക്കാരിൽ നിന്നു പിരിച്ചെടുത്ത 6 ലക്ഷം രൂപ മുതൽമുടക്കിയാണ്



# സ്വദേശി പ്രസ്ഥാനത്തോട് പൊതുസമൂഹം എങ്ങനെയാണ് പ്രതികരിച്ചത്

- സ്ത്രീകൾ, തൊഴിലാളികൾ ,വിദ്യാർത്ഥികൾ സമരത്തിന്റെ ഭാഗമായി.
- വിദേശ വസ്ത്രങ്ങൾ അലക്കുകയില്ലെന്ന് അലക്കുകാരും
- വിദേശനസ്തുക്കൾ ഉപയോഗിച്ച് പൂജനടത്തുകയില്ലെന്ന് പുരോഹിതരും
- വിദേശത്ത് നിന്നുള്ള വളകളും പാത്രങ്ങളും ബഹിഷ്കരിച്ചുകൊണ്ട് സ്ത്രീകളും
- സ്കൂളുകൾ ബഹിഷ്കരിച്ചുകൊണ്ട് വിദ്യാർത്ഥികളും സമരത്തിന്റെ ഭാഗമായി.




**സ്വദേശി പ്രസ്ഥാനത്തോടെ ഇന്ത്യൻ ദേശീയത കൂടുതൽ ശക്തിപ്പെട്ടു**

**ലാലാലജ്പത് റായ്,ബാലഗംഗാധര തിലകൻ ,ബിപിൻ ചന്ദ്രപാൽ എന്നിവർ ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു.ഇവർ ലാൽ ബാൽ പാൽ എന്നറിയപ്പെടുന്നു. സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് അത് ഞാൻ നേടുകതന്നെ ചെയ്യും എന്ന് ബാലഗംഗാധര തിലകൻ പ്രഖ്യാപിച്ചു.**

## വിലയിരുത്താം...

1 .ശിപായി ലഹളയുടെ കാരണങ്ങൾ എന്തെല്ലാം?

2 .നാട്ടുരാജാക്കൻമാരെ കലാപത്തിലേയ്ക്ക് നയിച്ച കാരണങ്ങൾ എന്തായിരുന്നു?

3 .1857ലെ കലാപത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?

4 .1857 ലെ കലാപം എന്തെല്ലാം മാറ്റങ്ങളാണ് ഇന്ത്യയിൽ ഉണ്ടാക്കിയത്?

5 .ബ്രിട്ടീഷ് ചൂഷണം ഇന്ത്യൻ ദേശീയത ഉയരുന്നതിനും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണത്തിനും കാരണമായി. വിശദമാക്കുക.

6 .ആരുടെ ആശയമാണ് ചോർച്ചാസിദ്ധാന്തം? ഇത് വിശദമാക്കുന്ന പുസ്തകമേത്?

7 .ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ ആദ്യത്തെ രക്തസാക്ഷി ആര്?

8 .ചോർച്ചാസിദ്ധാന്തപ്രകാരം ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ചോരുന്നത് എങ്ങനെയാണ്?

9 . ബ്രിട്ടീഷ് സാമ്പത്തിക നയങ്ങൾ ഇന്ത്യയെ ദരിദ്രമാക്കുന്നുവെന്ന് പ്രഖ്യാപിച്ച നേതാക്കൾ ആരെല്ലാം?

10. എന്തായിരുന്നു സ്വദേശി പ്രസ്ഥാനം ?

11.സ്വദേശി പ്രസ്ഥാനത്തോട് ജനങ്ങൾ പ്രതികരിച്ചതെങ്ങിനെ?

12. സ്വദേശി പ്രസ്ഥാനം ഇന്ത്യൻ വ്യവസായ രംഗത്ത് ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?

13.ആരായിരുന്നു ലാൽ ബാൽ പാൽ ?

14.ബാലഗംഗാധര തിലകന്റെ പ്രസിദ്ധ മുദ്രാവാക്യമേതാണ്?

15.ഒന്നാം സ്വാതന്ത്ര്യ സമരം നയിച്ച നേതാക്കൾ പട്ടികപ്പെടുത്തുക.